## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- പത്തനംതിട്ട ജില്ലയിലെ നാറാണാമൂഴി ഗ്രാമപഞ്ചായത്തിൽ നിന്നും വിരമിച്ച ശ്രീ ബാബു നൈനാൻ, സീനിയർ ക്ലാർക്കിന്റെ (താല്കാലിക സ്ഥാനക്കയറ്റം) ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. 3764/2015/തസ്വഭവ തീയതി, തിരുവനന്തപുരം, 16.12.2015

---

പരാമർശം : 1. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.06.2015 ലെ ഇ 3-364/09 നമ്പർ നടപടിക്രമങ്ങൾ

2. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.06.2015 ലെ ഇ 3 -7465/14 നമ്പർ നടപടിക്രമങ്ങൾ

3. പഞ്ചായത്ത് ഡയറക്ടറുടെ 16.07.2015 ലെ ഇ 6-23061/2015 നമ്പർ കത്ത്.

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ നാറാണാമൂഴി ഗ്രാമപഞ്ചായത്തിൽ നിന്നും വിരമിച്ച ശ്രീ ബാബു നൈനാൻ, സീനിയർ ക്ലാർക്കിന്റെ (താല്കാലിക സ്ഥാനക്കയറ്റം) ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

ശ്രീ ബാബു നൈനാൻ 28.03.1988 ൽ എൽ.ഡി. ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 28.03.1990 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. പഞ്ചായത്ത് വകുപ്പിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സർക്കാർ താല്കാലിക സ്ഥാനക്കയറ്റം നല്കാൻ നിർദ്ദേശം നല്കിയിരുന്നതിനെ തുടർന്ന് ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താല്കാലിക സ്ഥാനക്കയറ്റം നല്കുകയുണ്ടായി. 20.11.2013 മുതൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാൻ 31.01.2015 ൽ വിരമിയ്ക്കുകയും ചെയ്തു.

ശ്രീ ബാബു നൈനാന് 26.01.2009 ൽ 50 വയസ്സ് പൂർത്തിയായതിനാൽ 27.01.2009 പ്രാബല്യത്തിൽ വകുപ്പ്തല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം 2 പ്രകാരം പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവാകുകയും ചെയ്തു. ശ്രീ ബാബു നൈനാന് 26.01.2009 ൽ 50 വയസ്സ് പൂർത്തിയായതിനാൽ തൊട്ടടുത്ത ദിവസമായ 27.01.2009 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 28.01.2009 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ നാറാണാമൂഴി ഗ്രാമപഞ്ചായത്തിൽ നിന്നും വിരമിച്ച ശ്രീ ബാബു നൈനാൻ, സീനിയർ ക്ലാർക്കിന്റെ (താല്ക്കാലിക സ്ഥാനക്കയറ്റം) ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ്, അദ്ദേഹം 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 27.01.2009 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 28.09.2011 വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, നാറാണാമൂഴി ഗ്രാമപഞ്ചായത്താഫീസ്, പത്തനംതിട്ട
( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ